# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2631 09.03.2017 ൽ മറുപടിക്ക്**

## ജലസ്രോതസ്സുകൾ

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു
,,കെ.ആൻസലൻ
,,കെ.സുരേഷ് കുറുപ്പ്
,, വി.അബ്ദുറഹിമാൻ:

**മറുപടി**

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ജലക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജല സ്രോതസ്സുകൾ നവീകരിക്കാനും ജല സ്രോതസ്സുകളിൽ തടയണകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ നവീകരണം, ജലസ്രോതസ്സുകളിൽ തടയണ നിർമ്മാണം എന്നീ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജല സേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. കേരളത്തിന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന നാലു മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷനിൽ ജലവിഭവ സംരക്ഷണം എന്ന മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ കുളങ്ങളും, തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ശുചീകരണ-നവീകരണ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾക്ക് 08.12.2016 ൽ തുടക്കം കുറിച്ചിട്ടുണ്ട്. സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി തടയണ കെട്ടുക, ജലം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന കിണറുകൾ വൃത്തിയാക്കുക, ഗ്യാലറികളിൽ തടസ്സങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക, ചാലുകൾ കീറി സ്രോതസ്സുകളിലേക്കുള്ള ഒഴുക്ക് വർദ്ധിപ്പിക്കുക എന്നിവ ആവശ്യാനുസരണം നടപ്പിലാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ പാറക്കുളങ്ങളിലെ വെള്ളം ഉപയോഗ യോഗ്യമാണോ എന്ന് പരിശോധിച്ച് ഉപയോഗപ്രദമെങ്കിൽ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | കേരള വാട്ടർ അതോറിറ്റി ആവശ്യത്തിനു ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി, അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**